©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2021 ഫെബ്രുവരി 26<br>26th February 2021<br>1196 കുംഭം 14<br>14th Kumbham 1196<br>1942 ഫാൽഗുനം 7<br>7th Phalguna 1942 | നമ്പർ<br>No. 1006 |

കേരള സർക്കാർ

റവന്യൂ (ബി) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 35 /2021/റവന്യൂ തീയതി, തിരുവനന്തപുരം 26/02/2021

**എസ്. ആർ. ഒ. നമ്പർ 268/2021**

കേരള സർക്കാർ 04/09/2020 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 60/2020/റവ വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ (എൽ.എ-കിഫ്ബി) സ്പെഷൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർദിഷ്ട ഏറ്റെടുക്കലിൽ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററായി ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ, തൃശ്ശൂരിനെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും;

ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ പുത്തൂർ, കൈനൂർ വില്ലേജുകളിൽ പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമ്മിക്കുന്നതിനുമായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കുമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ തന്മൂലം അതുമായി ബന്ധപ്പെട്ട് എല്ലാ വ്യക്തികൾക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് (1) -ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള ഭൂമിയിൽ തൽപരകക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇത് സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷൽ തഹസിൽദാർ, (എൽ.എ-കിഫ്ബി), തൃശ്ശൂർ മുമ്പാകെ സമർപ്പിക്കാൻ തദനുസരണം ആവശ്യപ്പെട്ടുകൊള്ളുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ ആക്ഷേപങ്ങൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് തൃശ്ശൂർ ജില്ലാ ഭരണകൂടത്തിന്റെ "www.thrissur.nic.in" എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ആയതിന്റെ സംഗ്രഹം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

താലൂക്ക്: തൃശ്ശൂർ

ജില്ല: തൃശ്ശൂർ
വില്ലേജ്: കൈനൂർ, പുത്തൂർ

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

എല്ലാ സ്ഥലങ്ങളും ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടുന്നു

| ക്രമ നമ്പർ | വില്ലേജ് | സർവ്വെ നമ്പർ | ഭൂമിയുടെ തരം | വിസ്തീർണ്ണം (ഹെക്ടർ) | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം | | ഉടമസ്ഥർ |
|---|---|---|---|---|---|---|---|---|
| 1 | കൈനൂർ | 252/1 P, 252/3P, 252/4, 252/5P, 252/11 P, 252/13 P, 252/15 P, | ചിറയും ചിറവരമ്പും | 2.2000 | പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമ്മാണം | ബാധകമല്ല | 1. | കണ്ണോളി ബാലൻ ഭാര്യ രാധ, മക്കൾ നിപു, നില മുതൽപേർ |
| | | | | | | | 2 | ജോണി, S/o ജോസഫ്, ചിറയത്ത്, കോനിക്കര |
| | | | | | | | 3 | അമ്മിണി, W/o വാസു, മുതൽപേർ, മാട്ടിൽ വീട്, മരത്താക്കര |
| | | | | | | | 4 | കൊഴുക്കുള്ളിക്കാരൻ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | ജോണി മകൻ ആൻഡ്രൂസ് |
| | | 252/16, 17,18, 19,20 | | | | | 5 | കണ്ടുവാറ വളപ്പിൽ ചന്ദ്രശേഖരൻ ഭാര്യ അനിത, വട്ടക്കര |
| 2 | കൈന്തൂർ | 252/2P | പുരയിടം | 0.0150 | | | | വായ്യാട്ടിൽ സതീശൻ ഭാര്യ അനിതയും മക്കൾ അൻഷ മുതൽപേരും കൂടി |
| 3 | കൈന്തൂർ | 268/P | പുരയിടം | 0.3876 | | | 1 | കൊഴക്കുളളിക്കാരൻ ജോണി മകൻ ആൻഡ്രൂസ് |
| | | | | | | | 2 | അക്കരപട്ടുക്കൽ കൊച്ചുവാറു മകൻ റാഫേൽ |
| 4 | പുത്തൂർ | 852/1 | പുരയിടം | 0.0405 | | | 1 | കൊഴക്കുളളിക്കാരൻ ജോണി മകൻ ആൻഡ്രൂസ് |
| | | | | | | | 2 | അക്കരപട്ടുക്കൽ കൊച്ചുവാറു മകൻ റാഫേൽ |
| 5 | പുത്തൂർ | 852/2 | പുരയിടം | 0.0180 | | | 1 | കൊഴക്കുളളിക്കാരൻ ജോണി മകൻ ആൻഡ്രൂസ് |
| | | | | | | | 2 | അക്കരപട്ടുക്കൽ കൊച്ചുവാറു മകൻ റാഫേൽ |
| 6 | പുത്തൂർ | 852/4 | പുരയിടം | 0.1905 | | | | ബി.ടി.ആർ പ്രകാരം കല്ലുക്കാരൻ കഞ്ഞിപ്പാലു ലോനപ്പൻ |
| 7 | കൈന്തൂർ | 244/1 | നിലം | 0.3400 | | | | തോട്ടുങ്ങൽ ലോനപ്പൻ മകൻ ജോസ് ജോൺ |
| 8 | കൈന്തൂർ | 244/2 | നിലം | 0.5500 | | | | തോട്ടുങ്ങൽ ലോനപ്പൻ മകൻ ജോസ് ജോൺ |
| 9 | കൈന്തൂർ | 555/1 | തരിശ് | 0.0630 | | | | തോട്ടുങ്ങൽ ലോനപ്പൻ മകൻ ജോസ് ജോൺ എന്നവർ അവകാശവാദം ഉന്നയിച്ച് എൽ എ ഒ മുമ്പാകെ കത്ത് നൽകിയിരിക്കുന്നു |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | പുത്തൂർ | 1102/P | തരിശ് | 0.0381 | | | തോട്ടുങ്ങൽ ലോനപ്പൻ മകൻ ജോസ് ജോൺ എന്നവർ അവകാശവാദം ഉന്നയിച്ച് എൽ എ ഒ മുമ്പാകെ കത്ത് നൽകിയിരിക്കുന്നു |
| 11 | പുത്തൂർ | 1103/P | തരിശ് | 0.0392 | | | |
| 12 | പുത്തൂർ | 1104/P | തരിശ് | 0.0021 | | | |
| 13 | പുത്തൂർ | 311/P | നിലം | 0.4300 | | | 1 കിഴവാക്കൽ സദാശിവൻ ഭാര്യ ഭവാനിയും മക്കൾ ജിനീഷ് മുതൽപേർ<br>2 കിഴവാക്കൽ ഗംഗാധരൻ മകൻ ഷിബു |
| 14 | പുത്തൂർ | 819/P | നാളത് പുരയിടം | 0.0283 | | | 1 കിഴവാക്കൽ ഗംഗാധരൻ മകൻ ഷാജു<br>2 നെല്ലിക്കൽ ഗോപാലൻ ഭാര്യ ബിന്ദു |
| 15 | പുത്തൂർ | 1095/2 | തരിശ് | 0.1415 | | | ഭവാനി, W/o സദാശിവൻ, കിഴവാക്കൽ വീട് (കൈവശം വെച്ചുവരുന്നു) (ആധാരമോ, പട്ടയമോ ഇല്ല)<br><br>പട്ടയത്തിന് അപേക്ഷ നൽകിയിട്ടുള്ളതാണ് |
| 16 | പുത്തൂർ | 1096 | തരിശ് | 0.0150 | | | |
| ആകെ | | | | 4.4988 | | | |

## സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

തൃശ്ശൂരിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന 5.6 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള സംസ്ഥാന മ്യൂസിയവും, മൃഗശാലയും തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിലെ ഒരു വിശാലമായ സ്ഥലത്തേയ്ക്ക് മാറ്റുക എന്നതാണ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം. നിലവിൽ ഇടുങ്ങിയതും പഴയതുമായ കൂടുകളിൽ താമസിപ്പിച്ചിരിക്കുന്ന മൃഗങ്ങൾക്കും പക്ഷികൾക്കും സ്വാഭാവികമായും പരിസ്ഥിതി സൗഹാർദ്ദപരമായ അനുകൂല ജീവിത സൗകര്യങ്ങൾ, ആരോഗ്യപരിരക്ഷ സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തൃശ്ശൂർ ടൗണിൽ നിന്നും 10 കി.മീ. അകലെയാണ് പുത്തൂർഎന്ന സ്ഥലം. തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിലെ പുത്തൂർ

ഗ്രാമപഞ്ചായത്തിലെ പുത്തൂർ, കൈനൂർ വില്ലേജുകളിലെ 3, 14 എന്നീ വാർഡുകളിൽ നിന്നുള്ള 4.6854 ഹെക്ടർ സ്ഥലമാണ് നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പുത്തൂർ സുവോളജിക്കൽ പാർക്കിലെ ജലവിതരണ സംവിധാനം വികസിപ്പിക്കുന്നതിനു വേണ്ടിയാണ് ഭൂമി ഏറ്റെടുക്കുന്നത്.

നിർദ്ദിഷ്ട പുത്തൂർ സുവോളജിക്കൽ പാർക്കിലെ ജലവിതരണ സംവിധാനം വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ മൃഗങ്ങൾക്ക് ഇപ്പോൾ ഉള്ളതിനേക്കാൾ ശരിയായ സൗകര്യങ്ങൾ ലഭിക്കുകയും നിലവിലുള്ള മൃഗശാല ഇപ്പോൾ നേരിടുന്ന ജലക്ഷാമം ഒഴിവാക്കുകയും ചെയ്യുന്നു. പദ്ധതി പൂർത്തിയാക്കുമ്പോൾ അത് പുത്തൂർ ഗ്രാമത്തിന് വലിയൊരു ആകർഷണമായിരിക്കും. ഇത് മികച്ച ഗതാഗത സൗകര്യങ്ങൾ, ചരക്കുകളുടെയും സേവനങ്ങളുടെയും ലഭ്യത, തൊഴിലവസരങ്ങൾ എന്നിവ ഉറപ്പുവരുത്തുകയും ചുറ്റുമുള്ള സ്ഥലങ്ങളുടെ വിപണി മൂല്യം വർദ്ധിക്കുകയും സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെട്ടതാക്കുകയും ചെയ്യുന്നു. ഇത് പുത്തൂരിലെ ബിസിനസ്സ് – ടൂറിസം വികസനത്തിന് കാരണമാകുകയും മൊത്തത്തിലുള്ള വികസനത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു.

അർത്ഥനാധികാരികളിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പദ്ധതി പ്രദേശത്ത് മണലി പുഴയുടെയും ക്വാറി കുളത്തിന്റെയും സാമീപ്യമുള്ളതിനാൽ ജല ലഭ്യതയ്ക്കുള്ള മറ്റ് സാധ്യമായ മാർഗ്ഗങ്ങൾ പരിഗണിക്കേണ്ടി വരുന്നില്ല. ഏതാനും തുറന്ന കിണറുകളും മഴവെള്ള സംഭരണിയും ഒരനുബന്ധ സ്രോതസ്സായി പദ്ധതി പ്രദേശത്തിനുള്ളിൽ വികസിപ്പിക്കേണ്ടതുണ്ട്. മൃഗശാലയുടെ പടിഞ്ഞാറ് ഭാഗത്തായി 300 മീറ്റർ അകലെയുള്ള ഉപേക്ഷിക്കപ്പെട്ട ക്വാറി, കുളം, ഒരു വലിയ അളവ് ജലം ശേഖരിക്കുന്നതിനായി ഏറ്റെടുക്കാനും ശുപാർശ ചെയ്യുന്നു. നിർദ്ദിഷ്ട പ്രദേശം പദ്ധതി പ്രദേശത്തിനോട് വളരെ അടുത്ത് ആയതിനാൽ മറ്റ് ഇതര മാർഗ്ഗങ്ങൾ പരിഗണിക്കേണ്ടതില്ല.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാനപത്തിനുമുള്ള അവകാശം നിയമം 2013-ലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ ബിജു ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി (റവന്യൂ)

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്).

ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ചട്ടങ്ങൾ 19.09.2015 ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും, പ്രസ്തുത ചട്ടത്തിലെ റൂൾ 18 പ്രകാരം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി ഗ്രാമീണ നഗര പ്രദേശങ്ങളായി തരം തിരിച്ച് വിശദവിവരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/